**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6624** **11-07-2024 - ൽ മറുപടിയ്ക്ക്**

**മുനക്കൽ ബീച്ചിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം മണ്ഡലത്തിലെ മുനക്കൽ ബീച്ചിൽ റസ്റ്റ് ഹൗസ് പണിയുകയാണെങ്കിൽ ഇത് ടൂറിസത്തെയും മറ്റ സാധ്യതകളെയും വലിയ രീതിയിൽ സ്വാധീനിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ; | (എ) | പരിശോധിക്കാവുന്നതാണ്. |
| (ബി) | മുനക്കൽ ബീച്ചിൽ സ്പോർട്സ് ടൂറിസവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | മുനയ്ക്കൽ ബീച്ചിൽ ഏഴ് റൈഡുകൾ സഹിതം കുട്ടികളുടെ പാർക്ക്, ഓൾ ടെറെയ്ൻ വെഹിക്കിൾ (ATV), ബഗ്ഗി റൈഡ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. കൂടുതൽ സ്പോർട്സ്, അഡ്വഞ്ചർ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള സാധ്യത പരിശോധിക്കാൻ കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയെ (KATPS) ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | അഴീക്കോട് മുനക്കൽ ബീച്ചിൽ ഫ്ലോട്ടിങ് ബ്രിഡ്ജ് അനുവദിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (സി) | മുനയ്ക്കൽ ബീച്ചിൽ സ്വകാര്യ പങ്കാളിത്തത്തോടെ ഫ്ലോട്ടിങ് ബ്രിഡ്ജ് സ്ഥാപിക്കാനുള്ള സാധ്യത, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ പരിശോധിക്കുന്നുണ്ട്. |
| (ഡി) | സാംസ്കാരിക വകുപ്പുമായി ചേർന്ന് മണ്ഡലത്തിലെ അഴീക്കോട് മുനക്കൽ ബീച്ചിൽ ഈ വർഷം മുനക്കൽ ഫെസ്റ്റിവൽ നടത്തുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ? | (ഡി) | 2024 ഡിസംബറിൽ മുനയ്ക്കൽ ബീച്ച് ഫെസ്റ്റിവൽ നടത്താനുള്ള നടപടികൾ മുസിരിസ് പ്രോജക്ട് ലിമിറ്റഡ് സ്വീകരിച്ച വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ